**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2502** **07-07-2022 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് വിമാനത്താവളത്തിലെ കാർഗോ കോംപ്ലക്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വിമാന താവളം വഴിയുള്ള ചരക്ക് നീക്കത്തിന് വ്യോമയാന സുരക്ഷാ ഏജൻസിയായ ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻ സെക്യൂരിറ്റി (ബി.സി.എ.എസ്.) ആവശ്യപ്പെട്ട മാനദണ്ഡങ്ങൾ പാലിക്കേണ്ടത് കൊണ്ട് കോഴിക്കോട് വിമാന താവളത്തിൽ സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിലുള്ള കെ.എസ് ഐ ഇ യുടെ കാർഗോ കോംപ്ലക്സ് പ്രവർത്തിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ എന്ന് വ്യക്തമാകുമോ; | (എ) | ബ്യൂറോ ഓഫ് സിവിൽ ഏവിയേഷൻസ് സെക്യൂരിറ്റി (ബി.സി.എ.എസ്) മാനദണ്ഡപ്രകാരം റെഗുലേറ്റഡ് ഏജന്റ് പദവി ലഭിച്ചാൽ മാത്രമേ കെ.എസ്.ഐ.ഇ -ക്ക് എയർപോർട്ട് വഴി എക്സ്പോർട്ട് കാർഗോ കൈകാര്യം ചെയ്യാൻ സാധിക്കുകയുള്ളൂ. സർക്കാർ അഭ്യർത്ഥനപ്രകാരം ബി.സി.എ.എസ് നിർദ്ദേശപ്രകാരമുള്ള ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് കെ.എസ്.ഐ.ഇ -യ്ക്ക് 31/12/2022 വരെ സമയം അനുവദിച്ചിട്ടുണ്ട്. അതിനാൽ കോഴിക്കോട് വിമാനത്താവളം വഴി എക്സ്പോർട്ട് കാർഗോ കൈകാര്യം ചെയ്യുന്നതിന് കെ.എസ്.ഐ.ഇ -യ്ക്ക് നിലവിൽ തടസ്സമൊന്നുമില്ല. |
| (ബി) | ഉണ്ടെങ്കിൽ എന്തെല്ലാം സുരക്ഷാ മാനദണ്ഡങ്ങളാണ് കാർഗോ കോംപ്ലക്സിൽ ഏർപ്പെടുത്തേണ്ടത്; വ്യക്തമാക്കുമോ; | (ബി) | ബി.സി.എ.എസ് മാനദണ്ഡപ്രകാരമുള്ള CCTV ക്യാമറകൾ സ്ഥാപിക്കുക, ബി.സി.എ.എസ് സർട്ടിഫൈഡ് സ്ക്രീനേഴ്സിനെ നിയമിക്കുക, എയർലൈനുകളുമായി കരാർ ഉണ്ടാക്കുക, സ്റ്റിറയിൽ ഹോൾഡ് ഏരിയ കുറ്റമറ്റതാക്കുക, ലേഡീ സ്ക്രീനേഴ്സിന് സ്ക്രീനിംഗ് ബൂത്ത് ഒരുക്കുക, കാർഗോ കയറ്റിറക്ക് ജോലിക്ക് തൊഴിലാളികളെ നിയമിക്കുക എന്നിവയാണ് പൂർത്തിയാക്കേണ്ടത്. |
| (സി) | പ്രസ്തുത സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് കാർഗോ കോംപ്ലക്സ് നവീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ? | (സി) | മേൽ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ